മുനിസിപ്പാലിറ്റികൾക്കു ഗ്രാൻറ്.

* 987. [12] ശ്രീ. ആർ. പ്രകാശം : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) മുനിസിപ്പാലിറ്റികൾക്ക് 1955-56 സാമ്പത്തിക വർഷത്തിൽ നൽകേണ്ട ഗ്രാൻറ് നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) ഗ്രാൻറ് നൽകുന്ന കാര്യത്തിൽ പുതിയ മാനദണ്ഡം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ എന്തെല്ലാം ;

(ഡി) ഗ്രാൻറ് നൽകുന്നതിൻെറ മാനദണ്ഡം നിശ്ചയിക്കാൻ ഇനി എത്ര കാലം പിടിക്കും ;

(ഇ) തക്കതായ കാരണം കാണിച്ചുകൊണ്ട് അഡ്വാൻസ് ഗ്രാൻറ് അനുവദിക്കുവാൻ ഏതെങ്കിലും മുനിസിപ്പാലിറ്റികൾ അപേക്ഷിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ;

(എഫ്) അതിന്മേൽ എന്തു നടപടി നടത്തി ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഇല്ല.

(ബി) വെഹിക്കിൾ ടാക്സ് കാമ്പൻസേഷനെപ്പറ്റി അവസാന തീരുമാനമെടുത്തിട്ടില്ലാത്തതിനാൽ.

(സി) ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുന്നു.

(ഡി) ഉടനേതന്നെ തീരുമാനിക്കുന്നതാണ്.

(ഇ) ഉണ്ട്. ആറിങ്ങൽ, കൊച്ചുൽ എന്നീ മുനിസിപ്പാലിറ്റികളും, തിരുവനന്തപുരം കോർപ്പൊറേഷനും.

(എഫ്) തിരുവനന്തപുരം കോർപ്പൊറേഷനു ഒരു തുക അഡ്വാൻസ് ഗ്രാൻറ് നൽകി. മറ്റുമുള്ളവ ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുന്നു.

വനംവെട്ടിത്തെളിക്കൽ.

* 988 [13] ശ്രീ. ആർ. പ്രകാശം : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കാളനൈസേഷൻ പദ്ധതിക്കായി മരങ്ങൾ മിക്കവാറും മുറിച്ചുതീർന്ന കുട്ടിവനങ്ങൾ Deforest ചെയ്യുന്നതിന് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) അങ്ങനെ ആവശ്യപ്പെടുന്ന ഏതെങ്കിലും നിവേദനങ്ങൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(സി) ചിറയിൻകീഴ് താലൂക്കിൽ മഞ്ഞപ്പാറ റിസർവ് ഇത്തരത്തിലുള്ള ഒരു കുട്ടിവനമാണെന്നു കാണിച്ച് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തന്വേഷണം നടത്തി?

LIBRARY ARCHIVES Kerala Legislative Assembly